# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 261** **11/10/2011-ൽ മറുപടിക്ക്**

## സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>" ജോസഫ് വാഴക്കൻ :<br>" വർക്കല കഹാർ:<br>" വി. റ്റി. ബൽറാം : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എൽ.പി., യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഗവൺമെന്റ് യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പഠനം നടപ്പാക്കാൻ എസ്.എസ്.എ. ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഭാഗമായി യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനും അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഗവൺമെന്റ് യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സൗകര്യം മെച്ചപ്പെടുത്തുകയും യു.പി. അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം എസ്.എസ്.എ. നൽകുകയും ചെയ്യുന്നു. |
| സി) ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലെ സ്കൂളുകളിലാണ് നടപ്പാക്കുന്നത്; | സി) | ഓരോ വർഷവും 14 ജില്ലകളിലും മേൽപ്പറഞ്ഞ പ്രവർത്തനം എസ്.എസ്.എ. നടത്തുന്നുണ്ട്. |
| ഡി) സംസ്ഥാനത്തെ എല്ലാ എൽ.പി., യു.പി. സ്കൂളുകളിലും എത്ര നാളുകൾക്കകം ഇത് നടപ്പിലാക്കാനാകും; | ഡി) | എസ്.എസ്.എ. മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തെ ഗവൺമെന്റ് യു.പി. സ്കൂളുകൾക്ക് മാത്രമാണ് കമ്പ്യൂട്ടർ പഠനം നൽകാൻ കഴിയുന്നത്. ഗവൺമെന്റ് യു.പി. സ്കൂളുകളിൽ എസ്.എസ്.എ. ഫണ്ടുപയോഗിച്ച് രണ്ടു വർഷത്തിനകം കമ്പ്യൂട്ടർ അധിഷ്ഠിത പഠനം പൂർണ്ണമായും സാധ്യമാകും. |
| ഇ) കമ്പ്യൂട്ടർ പഠനം നടപ്പാക്കുന്ന സ്കൂളുകളിൽ ഇന്റർനെറ്റ്-ബ്രോഡ്ബാന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ? | ഇ) | കമ്പ്യൂട്ടർ അധിഷ്ഠിത പഠനം നടപ്പാക്കുന്ന ഗവൺമെന്റ് യു.പി. സ്കൂളുകളിൽ ഇന്റർനെറ്റ്-ബ്രോഡ്ബാന്റ് സൗകര്യങ്ങൾ എസ്.എസ്.എ. ഏർപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

എൽ.പി./യു.പി സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കുന്നകാര്യം സർക്കാർ തലത്തിൽ പരിശോധിക്കുകയോ തീരുമാനിക്കുകയോ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ അപ്പർ പ്രൈമറി ക്ലാസുകളിൽ ഐ ടി പഠനം നടത്തുന്നതിനായി ഐടി അറ്റ് സ്കൂൾ പ്രോജക്ട് നിലവിൽ മുഴുവൻ വിദ്യാർത്ഥികൾക്കും പഠന സഹായി ലഭ്യമാക്കിയിട്ടുണ്ട്. അദ്ധ്യാപകർക്ക് ഐടി പരിശീലനവും നൽകിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക പരിശീലനത്തിനുള്ള പരിശീലന മൊഡ്യൂളും ലോവർ പ്രൈമറി ക്ലാസുകളിലേക്കുള്ള പ്രത്യേക ഓപ്പറേറ്റിംഗ് സിസ്റ്റവും ഐടി അറ്റ് സ്കൂൾ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ പല എൽ.പി. സ്കൂളുകളിലും ഒരു കമ്പ്യൂട്ടറെങ്കിലും നിലവിലുണ്ട്. ഹൈസ്കൂളുകളിൽ ഐടി പശ്ചാത്തല സൗകര്യം രൂപപ്പെട്ടതുപോലെ പ്രൈമറി തലത്തിലും ഐടി പഠനം പ്രാവർത്തികമാക്കുന്നതോടെ ഐടി പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനു കഴിയും. പഠനം രസകരമായി കുട്ടികളുടെ ഗ്രഹണശേഷി വർദ്ധിപ്പിക്കുന്ന തരത്തിൽ ഭാഷയിലും, ഗണിതത്തിലും പരിസര പഠനത്തിലുമെല്ലാം ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളും അദ്ധ്യാപക പരിശീലന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ജില്ലകളിലെ യു.പി. സ്കൂളുകളിലും ഓരോ വർഷവും 50 ലക്ഷം രൂപ വീതം കമ്പ്യൂട്ടർ അധിഷ്ഠിത പഠനം നടപ്പാക്കുന്നതിന് എസ്.എസ്.എ.യുടെ വാർഷിക പദ്ധതിയിൽ അനുമതി ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ ഗവൺമെന്റ് യു.പി. സ്കൂളുകളിൽ ലഭ്യമാക്കുന്നു. കൂടാതെ ഗവൺമെന്റ് യു.പി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ